(സി) തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിന്റെ അഭിവൃദ്ധിക്ക് ഹാനികരങ്ങളും അപമാനകരങ്ങളുമായ പല ആഭ്യന്തര നിയന്ത്രണങ്ങളും ചെലുത്തുന്നതിൽ കേന്ദ്രഗവണ്മെൻറ് മടിക്കുന്നില്ലെന്നുള്ളതു് ശരിയാണോ;

(ഡി) അതിനെ തടയുന്നതിനു് ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

Chief Minister (Sri. C. Kesavan): I am sorry the answer is not ready.

ഷിഫ്റ്റ് സിസ്റ്റം

*൨൪൫. (൯൯) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ് നിറുത്തൽ ചെയ്യുന്നതിനു് ഗവണ്മെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത സ്കൂൾവർഷത്തിൽ നടപ്പിൽ വരുത്തുമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ യും, ബി യും) ഉണ്ടു്. പ്രൈമറി സ്കൂളുകളിൽ ൫൦ സ്കൂളുകളിൽ വർഷാരംഭം മുതൽ ഷിഫ്റ്റ് സിസ്റ്റം നിറുത്തിക്കഴിഞ്ഞിട്ടുണ്ടു്.

കൊല്ലം–എറണാകുളം റയിൽവെ

*൨൪൬. (൯൪) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊല്ലം–എറണാകുളം റയിൽവെ നീട്ടുന്നതിനുള്ള സർവ്വെയുടെ ജോലി പൂർത്തിയായിട്ടുണ്ടോ;

(ബി) പൂർത്തിയായെങ്കിൽ അവ എന്നുമുതൽ വേല ആരംഭിക്കും;

(സി) ഈ വകക്കുള്ള ചിലവു് ഏതു ഗവണ്മെൻറാണു് നടത്തേണ്ടതു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്രഗവണ്മെൻറ്.

ശ്രീ. കെ. എ. മാത്യു: സർവ്വെ എത്രവരെ ആയി?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർവ്വെ നടക്കുന്നതേയുള്ളു.

ശ്രീ. ഇ. പി. പൗലോസ്: കൂടിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറ് എന്തെങ്കിലും ശുപാർശ കേന്ദ്രഗവണ്മെൻറിനു് നൽകിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നോട്ടീസുവേണം.

ശ്രീ. കെ. എ. മാത്യു: സർവ്വെ പൂർത്തിയായിക്കഴിഞ്ഞാൽ ഈ പണി വേഗം നടത്തുന്നതിനു് ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിന്റെ അടുത്തു് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടു്.

ക്ഷാമബത്ത

*൨൪൭. (൯൬) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പബ്ലിക്കു് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly